"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ പി-യെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2567/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2025-ലെ എൽ.എസ്.ജി.ഡി/പി.ഡി/29178/2025-ഡി.ഇ.എഫ് 2 നമ്പർ കത്ത്.

2. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 27.09.2025 -ലെ എ1/22/2021-എസ്.ഇ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ പി-യെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി. സുജ പി-യുടെ സേവനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് ആക്ഷേപമില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ പി-യെ

അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കു നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ചിത്ര പി അരുണിമ കെ എ എസ്

അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. സുജ. പി, ഓഫീസ് അറ്റൻഡന്റ്, പിറവം മുനിസിപ്പാലിറ്റി, എറണാകുളം ജില്ല

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി(EM3/208/2025)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Ajith Kumar K A
Date: 24-10-2025 12:42:14